**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2206** **14-10-2024 - ൽ മറുപടിയ്ക്ക്**

**വിശപ്പ് രഹിത കേരള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | കിടപ്പുരോഗികൾക്ക് സൗജന്യ ഭക്ഷണം എത്തിച്ചു നൽകുന്ന വിശപ്പ് രഹിത കേരള പദ്ധതി പ്രകാരം ആലപ്പുഴ സി. ജെ. സ്മാരക ട്രസ്റ്റിന് എത്ര രൂപയാണ് ഇതുവരെ നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | കിടപ്പ രോഗികൾക്ക് സൗജന്യ ഭക്ഷണം എത്തിച്ചു നൽകുന്ന വിശപ്പ് രഹിത കേരളം പദ്ധതി പ്രകാരം ആലപ്പുഴ സി.ജി. ഫ്രാൻസിസ് സ്മാരക ട്രസ്റ്റിന് നാളിതു വരെ അനുവദിച്ച് നൽകിയത് ആകെ **46,63,992/- രൂപ (നാല്പത്തി ആറ് ലക്ഷത്തി അറുപത്തി മൂവായിരത്തി തൊള്ളായിരത്തി തൊണ്ണൂറ്റി രണ്ട് രൂപ)** ആണ്. |
| (ബി) | പ്രസ്തുത പദ്ധതിക്ക് സുഭിക്ഷാ കമ്മറ്റിയുടെ അംഗീകാരത്തോടെ ഇതുവരെ എത്ര രൂപയുടെ ബില്ലുകൾ അനുവദിച്ച് നൽകുന്നതിനാണ് പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർക്ക് സമർപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | വിശപ്പ് രഹിത കേരളം പദ്ധതി പ്രകാരം കിടപ്പ രോഗികൾക്ക് സൗജന്യ ഭക്ഷണം എത്തിച്ചു നൽകുന്ന സി.ജി ഫ്രാൻസിസ് സ്മാരക ട്രസ്റ്റിന് സുഭിക്ഷ കമ്മിറ്റിയുടെ അംഗീകാരത്തോടെ 04/07/2022 മുതൽ സി.ജി. ഫ്രാൻസിസ് സ്മാരക ട്രസ്റ്റുമായുള്ള കരാർ അവസാനിച്ച 30/06/2023 വരെയുള്ള **11,27,250/- (പതിനൊന്ന് ലക്ഷത്തി ഇരുപത്തേഴായിരത്തി ഇരുന്നൂറ്റമ്പത് രൂപ)** രൂപയുടെ ബില്ലുകൾ ആണ് തുക അനുവദിച്ചു നൽകുന്നതിനായി സമർപ്പിച്ചിട്ടുള്ളത്. |
| (സി) | പ്രസ്തുത ബില്ലുകൾ പാസാക്കി തുക കൈമാറുന്നതിന്കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കാമോ; | (സി) | 12-11-2021 ലെ സുഭിക്ഷ കമ്മിറ്റിയിൽ സ്നേഹജാലകം പദ്ധതി വഴി ഉച്ചഭക്ഷണത്തോടൊപ്പം അത്താഴവും നൽകുന്നതിനു തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിലാണ് ഇപ്രകാരം നൽകി വരുന്നത്. അത്താഴം നൽകിയ പദ്ധതിക്ക് അംഗീകാരം നല്കുന്ന കാര്യം പരിശോധിച്ചു വരുന്നു. |
| (ഡി) | വിശപ്പ് രഹിത കേരളം പദ്ധതിയിൽ പുതുതായി ഉൾപ്പെടുത്തുന്നതിനായി സുഭിക്ഷ കമ്മിറ്റി അംഗീകരിച്ച അർഹരായവരുടെ പട്ടിക കമ്മീഷണറുടെ കാര്യാലയത്തിൽ ലഭ്യമാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ? | (ഡി) | വിശപ്പ് രഹിത കേരളം പദ്ധതിയിൽ പുതുതായി ഉൾപ്പെടുത്തുന്നതിനായി സുഭിക്ഷ കമ്മിറ്റി അംഗീകരിച്ച അർഹരായവരുടെ പട്ടിക ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ